

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 2. കേരളത്തിന്റെ സാമ്പത്തികഭദ്രത

## സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


2 കേരളത്തിന്റെ സാമ്പത്തികഭദ്രത . . . . . . . . . . 1

1 ഭാവിയുടെ ചൂണ്ടുപലക . . . . . . . . 2

2 സാധാരണക്കാരെ എത്രകണ്ടു ബാധിക്കും? 3

3 താരതമ്യപ്പെടുത്തി നോക്കുക . . . . . 4

4 സാമ്പത്തികഭദ്രത വേണമെങ്കിൽ . . 5

5 കേന്ദ്രത്തിൽനിന്ന് കൂടുതൽ പണം കിട്ടണം 6

6 പഴയനയം തുടരുന്നു . . . . . . . . . . 7

7 വരവിനങ്ങൾ . . . . . . . . . . . . 8

8 നീതിപൂർവ്വകമല്ല . . . . . . . . . . . . 9

9 കേരളത്തിന്റെ വിഹിതം . . . . . . . 10

# 2

# കേരളത്തിന്റെ സാമ്പത്തികഭദ്രത

> ”മദ്രാസിനോടും കൽക്കട്ടയോടും അനുഭാവംകാണിച്ചു കൊണ്ട് വിലപിയ്ക്കുന്ന ‘ദലാൽസ്ട്രീറ്റി’ന്റെ മുന്നോട്ടേയ്ക്കുള്ള ഗതിയെ ഈ വാരത്തിന്റെ മദ്ധ്യത്തിൽ പ്രസിദ്ധം ചെയ്യപ്പെട്ട കേരളബജറ്റ് തടഞ്ഞുനിർത്തിയിരിയ്ക്കുന്നു. കാർഷികസ്വത്തുക്കളുടെ മേൽ നികുതിചുമത്തുകയും കാർഷികാദായങ്ങളിന്മേലുള്ള നികുതി വർദ്ധിപ്പിയ്ക്കുകയും ചെയ്ത കേരളത്തിന്റെ നേതൃത്വത്തെ മറ്റു സ്റ്റേറ്റുകളും പിന്തുടരാനിടയുണ്ട് എന്ന ഭയമാണ് പ്രകടിപ്പിയ്ക്കപ്പെടുന്നത്. ഇത് തോട്ടങ്ങളുടേയും പഞ്ചസാര എസ്റ്റേറ്റുകളുടേയും ഷെയറുകളുടെ വിലയിടിച്ചിരിയ്ക്കുന്നു.”

ബോംബെയിലെ “എക്കണോമിക്ക് വീക്ക്ലി ജൂൺ 15-ാം, ന എഴുതിയ മാർക്കറ്റുനിരൂപണത്തിൽ നിന്നാണ് മുകളിൽ ചേർത്ത വാചകങ്ങൾ ഉദ്ധരിച്ചിട്ടുള്ളത്.

ഇന്ത്യയിലെ ഏറ്റവും ചെറിയ സ്റ്റേറ്റിന്റെ 30 കോടി ക. യോളം മാത്രം വന്ന ഒരു കൊച്ചു ബഡ്ജറ്റ് ഏറ്റവും വലിയ മുതലാളികളെ ഭയചകിതരാക്കുകയും അവരുടെ ഷെയറുകളുടെ വിലകളെ സാരമായി ബാധിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. ഈ പരമാർത്ഥത്തെയാണു ‘ഏക്കണോമിക്ക് വീക്ക്ലി’ ചൂണ്ടിക്കാണിയ്ക്കുന്നത്.

എതിർപ്പിനുവേണ്ടി എതിർക്കുക എന്ന സങ്കുചിതത്വത്തെ കെട്ടിപ്പുണരുന്ന കേരളത്തിലെ ചില പത്രാധിപന്മാർക്ക് കമ്യൂണിസ്റ്റ് ഗവൺമെണ്ടിന്റെ നികുതിനയത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ കഴിഞ്ഞുവെന്നുവരില്ല. പക്ഷേ, കാറ്റെങ്ങോട്ടാണ് വീശുന്നത് എന്ന് വിദേശമുതലാളികൾക്ക് നല്ലപോലെ മനസ്സിലാവാൻ തുടങ്ങിയിട്ടുണ്ട്.

## 1 ഭാവിയുടെ ചൂണ്ടുപലക

നികുതിയ്ക്കിരയായ തോട്ടക്കമ്പനികളുടെ കൂട്ടത്തിൽ ഒരു ലക്ഷത്തി അമ്പതിനായിരത്തോളം ഏക്ര കൈവശം വെച്ചുകൊണ്ട് കേരളത്തെ തലമുറതലമുറയായി ചൂഷണം ചെയ്ത് കൊള്ളലാഭമടിയ്ക്കുന്ന കണ്ണൻദേവൻകമ്പനിയെപ്പോലുള്ള വിദേശീയകമ്പനികളുണ്ട്. അവയെയെല്ലാം ദേശസാൽക്കരിയ്ക്കുകയും രാജ്യത്തിന്റെ സ്വത്തുക്കളാക്കി മാറ്റുകയും ചെയ്യുകയെന്നത് നമ്മുടെ സാമ്പത്തികവ്യവസ്ഥയുടെ വളർച്ചയ്ക്കാവശ്യമാണ്. പക്ഷേ, അതിന്ന കേന്ദ്രത്തിന്റെ സമ്മതം വേണം. അതിന്ന സമയം പിടിയ്ക്കും. എന്നാൽ, പുരോഗമനപരമായ ഒരു നികുതിനയംകൊണ്ട് അവയെ കടിഞ്ഞാണിടാനും അവയുടെ കൊള്ളലാഭത്തിന്റെ ഒരു ഭാഗമെങ്കിലും രാജ്യത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കാനും ഇപ്പോൾത്തന്നെ നമുക്കു സാധിയ്ക്കും. അതിന്റെ ആരംഭമാണ് കേരളഗവൺമെണ്ടിന്റെ ഒന്നാമത്തെ ബജറ്റിൽ നമ്മൾ കാണുന്നത്.

ആരംഭം മാത്രമാണ് എന്നതിന് ഒരു കീഴ്വരയാവശ്യമാണ്. എന്തെന്നാൽ, ഇക്കൊല്ലത്തെ ബജറ്റ് നിർദ്ദേശങ്ങൾ വിദേശമുതലാളികളേയും വൻകിട ജന്മികളേയും അത്രമേൽ അമ്പരപ്പിയ്ക്കത്തക്കവയാണെന്നു പറഞ്ഞുകൂടാ. തിരു-കൊച്ചിയിൽ മുമ്പുതന്നെ നിലവിലുണ്ടായിരുന്ന കാർഷികാദായനികുതി മലബാറിലേയ്ക്കുകൂടി വ്യാപിപ്പിയ്ക്കുകയും കമ്പനികളുടെ കാർഷികാദായത്തിന്മേൽ സ്വല്പംകൂടി ഉയർന്ന (25,000 ക. യ്ക്കു മുകളിലുള്ള ആദായത്തിന്ന് ഒരണക്രമം മുതൽ നാലണക്രമംവരെ) ഒരു സൂപ്പർടാക്സ് ചുമത്തുകയും ഇന്ത്യാഗവൺമെണ്ട് കാർഷികേതരസ്വത്തിന്മേൽ ചുമത്താൻ നിശ്ചയിച്ച അതേ നിരക്കിൽ കാർഷികസ്വത്തുക്കളുടെ മേൽ പുതിയ നികുതി ചുമത്തുകയുമാണ് ചെയ്തിട്ടുള്ളത്. കാർഷികസ്വത്തിന്മേലുള്ള നികുതിവകയിൽ 16 ലക്ഷം ക.യും കമ്പനികളുടെ കാർഷിക വരുമാനത്തിന്മേലുള്ള സൂപ്പർടാക്സ് വകയിൽ 65 ലക്ഷം ക. യും മലബാറിലിന്നുള്ള ഭൂനികുതി സമ്പ്രദായത്തിൽ മാറ്റം വരുത്തിക്കൊണ്ട് തിരു-കൊച്ചിയിലെ അടിസ്ഥാനനികുതിയും കാർഷികാദായനികുതിയും മലബാറിലേയ്ക്കുകൂടി വ്യാപിപ്പിയ്ക്കുന്നതിന്റെ ഫലമായി 98.61 ലക്ഷം ക. യും മാത്രം കൂടുതൽ വരവുണ്ടാകുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്. ഒട്ടാകെയുള്ള വരവിനങ്ങളുടെ ചെറിയൊരു ഭാഗം മാത്രമാണിത്. എങ്കിലും, ഇതൊരു സൂചനയാണ്; കേരളത്തിലും കേരളത്തിന്റെ മാതൃക സ്വീകരിയ്ക്കുന്ന മറ്റു സ്റ്റേറ്റുകളിലും ഭാവിയിലുണ്ടാകാൻ പോകുന്നതിന്റെ മുന്നോടിയാണ്. അതുകൊണ്ടുതന്നെയാണ് വിദേശീയ മുതലാളികൾ പരിഭ്രമിയ്ക്കുന്നത്.

1957-58-ൽ കേരളസ്റ്റേറ്റിന്റെ ചെലവുകൾക്ക് ആകെ 3015.58 ലക്ഷം ഉറുപ്പിക വേണ്ടിവരുമെന്നു കണക്കാക്കിയിരിക്കുന്നു. നിലവിലുള്ള വരവിനങ്ങളുടെ അടിസ്ഥാനത്തിൽ 2790.32 ലക്ഷം ക. യേ പ്രതീക്ഷിയ്ക്കാൻ നിവൃത്തിയുള്ളു എന്നുവെച്ചാൽ, 2 കോടിയിലധികം ഉറുപ്പിക പോരാതെ വരും. ഈ കമ്മി നികത്താൻവേണ്ടി 232.57 ലക്ഷം ക.യുടെ പുതിയ വരുമാനങ്ങളുണ്ടാക്കാൻ തീരുമാനിച്ചിരിയ്ക്കുന്നു. അതിൽ 180 ലക്ഷം ക. യും വൻകിടമുതലാളികളേയും ജന്മികളേയും മാത്രം ബാധിയ്ക്കുന്ന നികുതികളാണ്

## 2 സാധാരണക്കാരെ എത്രകണ്ടു ബാധിക്കും?

പുതിയ നികുതികൾ ഇടത്തരക്കാരേയും സാധാരണക്കാരായ ബഹുജനങ്ങളേയും ഒരു തരത്തിലും ബാധിക്കുന്നില്ല എന്ന വാദിയ്ക്കുന്നത് അതിശയോക്തിയാവും. കുറച്ചൊക്കെ ബാധിയ്ക്കുന്നുണ്ട് എന്നതാണ് പരമാർത്ഥം. ഉദാഹരണത്തിന്, മാസത്തിൽ 250 ക. യിലധികം ശമ്പളം വാങ്ങുന്നവർ കൊടുക്കേണ്ട തൊഴിൽനികുതി ന്മേൽ ചെറിയൊരു സർച്ചാർജ്ജ് ചുമത്തിയിട്ടുണ്ട്. ഈ വകയിൽ 16,000 ക. യേ പ്രതീക്ഷിയ്ക്കുന്നുള്ളു. ഇതൊരന്യായമായ നികുതിയാണോ? അല്ല. കൊല്ലത്തിൽ 3000ത്തിലധികം ഉറപ്പിക ശമ്പളം വാങ്ങുന്നവർ രാജ്യത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കു യാതൊരു ത്യാഗവും ചെയ്യാൻ പാടില്ല എന്ന ശഠിയ്ക്കുന്നത് ശരിയല്ല. നികുതിനിരക്ക് താങ്ങാനാവാത്ത വിധം ദുസ്സഹമാവരുത് എന്നും 250 കയിൽ കുറഞ്ഞ ശമ്പളം കിട്ടുന്ന ചെറുകിടക്കാരെ നികുതിയിൽനിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെടുന്നത് ന്യായമാണ്. ഈ ആവശ്യങ്ങൾ ബജറ്റിൽ അംഗീകരിയ്ക്കപ്പെട്ടിട്ടുമുണ്ട്.

അസംബ്ലിയിലെ പ്രതിപക്ഷാംഗങ്ങളുടെ വിമർശനങ്ങൾക്കിരയായ മറ്റൊരിനം വില്പനനികുതിയാണ്. 30,000 ക.യും അതിലധികവും ടേണോവർ ഉള്ള വ്യാപാരികളുടെ വില്പനനികുതിയിന്മേൽ രണ്ടരശതമാനം വീതം വരുന്ന ഒരു സർച്ചാർജ് ചുമത്തിയിട്ടുണ്ട്. ഇതിൽനിന്നു 5.51 ലക്ഷം ക. വരവു പ്രതീക്ഷിക്കുന്നു. മലബാറിലേയും തിരു-കൊച്ചിയിലേയും വില്പനനികുതികളുടെ ഏകീകരണം വഴി 20 ലക്ഷം ക. കൂടുതൽ വരവുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നുണ്ട്. ഈ വില്പനനികുതികൾ സാധാരണക്കാരെയാണ് ബാധിയ്ക്കുക എന്നു അസംബ്ളിയിൽ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി.

ഒരർത്ഥത്തിൽ ഈ വിമർശനം ശരിയാണ്. പക്ഷേ, വിമർശകന്മാർ ഒരു കാര്യം, വിസ്മരിക്കാൻ അരി, പുസ്തകം മുതലായ ചില നിത്യോപയോഗസാധനങ്ങളുടെ മേലുണ്ടായിരുന്ന വിൽപ്പനനികുതി തീരെ എടുത്തുകളഞ്ഞിരിക്കുന്നു. ഇനിയും ചില നിത്യോപയോഗസാധനങ്ങളെ വിൽപ്പനനികുതിയിൽ നിന്നൊഴിവാക്കേണ്ടതുണ്ട്. അതേ സമയത്തുതന്നെ മറ്റു ചരക്കുകളുടെ, പ്രത്യേകിച്ചും സുഖഭോഗ സാമഗ്രികളുടെമേലുള്ള വില്പനനികുതി വർദ്ധിപ്പിക്കുകയും ചെയ്യാം. പിന്നേയും ചില പരിഷ്കാരങ്ങൾകൂടി വരുത്താവുന്നതാണ്. ഉദാഹരണത്തിനു, ഇന്നത്തെ ബഹുമുഖവില്പനനികുതി ഏകമുഖ വില്പനനികുതിയാക്കി മാറ്റാം. അധികാരമെടുത്തിട്ട് രണ്ടു മാസത്തിനിടയിൽ തയ്യാറാക്കേണ്ടിവന്ന ഒരു ബജറ്റിൽ ഈ പരിഷ്കാരങ്ങൾ മുഴുവൻ ഒറ്റയ്ക്ക് നടപ്പിൽ വരുത്താൻ കഴിയാത്തതിനെ വിമർശിക്കുന്നവർ അടുത്തകൊല്ലത്തെ ബജറ്റുവരെ ഒന്നു കാത്തിരിയ്ക്കട്ടെ. വില്പനനികുതിയുടെ ആഘാതത്തിൽ നിന്ന് ജനങ്ങൾക്ക് കൂടുതൽ രക്ഷനൽകുകയും അതേ സമയത്തുതന്നെ ആ നികുതിവഴി കൂടുതൽ പണമുണ്ടാക്കുകയും ചെയ്യുന്നതെങ്ങിനെയെന്ന് അവർക്ക് കാണാൻ കഴിയും.

ഇനിയും ചില വിമർശനങ്ങളുണ്ട്. തിരു-കൊച്ചിയിലെ നിരക്കുകളുമായി ഏകീകരിക്കാൻ വേണ്ടി മലബാറിലെ ബസ്സുടമകളുടെ നികുതി 30ക യുണ്ടായിരുന്നതു 25ക യായി കുറച്ചതെന്തിനാണ്? ഏകീകരിക്കണമെന്നുണ്ടെങ്കിൽ തിരു-കൊച്ചിയിലെ നികുതി 25 ക. യിൽ നിന്ന് 30 ക. യാക്കി വർദ്ധിപ്പിച്ചാൽപോരേ? ഈ നയം സ്വീകരിച്ചിരുന്നുവെങ്കിൽ വരവിൽ 2 ലക്ഷം ക. കുറയുന്നതിനുപകരം അഞ്ചോ ആറോ ലക്ഷം കൂടുതൽ കിട്ടുമായിരുന്നില്ലേ? മദ്യനിരോധനമില്ലാത്ത പ്രദേശങ്ങളിൽ മദ്യങ്ങളുടെ, എക്സൈസ് നികുതി വർദ്ധിപ്പിച്ചാലെന്താണ്? നിർമ്മാണപ്രവർത്തനങ്ങൾക്കു പണമുണ്ടാക്കാൻവേണ്ടി സ്വർണ്ണത്തിനും ആഭരണങ്ങൾക്കും നികുതി ചുമത്തിക്കൂടെ? അടുത്ത കൊല്ലത്തെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം ചോദ്യങ്ങൾ നമ്മുടെ ധനകാര്യമന്ത്രിയുടെ മനസ്സിലുണ്ടായിരിക്കുമെന്നു തീർച്ചയായും പ്രതീക്ഷിക്കാം.

## 3 താരതമ്യപ്പെടുത്തി നോക്കുക

പക്ഷേ, ഇക്കൊല്ലംതന്നെ, കമ്യൂണിസ്റ്റ് ഗവൺമെണ്ടിന്റെ ബജറ്റ് വിമർശനങ്ങളെ വിമർശിക്കുന്നവർക്ക് മറ്റൊരു കാര്യം ചെയ്യാൻ കഴിയും. കേരളഗവൺമെണ്ടിന്റെ ബജറ്റുമായി ജനങ്ങൾ താരതമ്യപ്പെടുത്തിനോക്കട്ടെ. ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളുടെ ക്രയശക്തിയെ ഇടിച്ചു തകർക്കാതെതന്നെ ഭരണത്തിന്നാവശ്യമുള്ള പണമുണ്ടാക്കാൻ കഴിയുമെന്ന ശുഭാപ്തിവിശ്വാസം കേരളത്തിന്റെ ബജറ്റിലല്ലാതെ, മറ്റേതെങ്കിലും ബജറ്റിൽ പ്രതിഫലിച്ചിട്ടുണ്ടോ എന്ന് അവരൊന്നു പരിശോധിച്ചു നോക്കട്ടെ. കോൺഗ്രസ്സും കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള വ്യത്യാസമെന്തെന്ന് അപ്പോളവർക്കു മനസ്സിലാവും.

ഏറ്റവും പ്രധാനമായ വ്യത്യാസമിതാണ്. കോൺഗ്രസ് ഭരിക്കുന്ന സ്റ്റേറ്റുകൾ വരവും ചെലവും ഒപ്പിക്കാൻ കഴിയാതെ വിഷമിക്കുകയാണ്. പശ്ചിമബംഗാളിന്റെ ബജറ്റിൽ 12 കോടി 17 ലക്ഷം ക. കമ്മിയാണ്. ഒറീസ്സയിൽ 3 കോടി 17 ലക്ഷം ക. യുടെ കമ്മിയാണ്. താരതമ്യേന പിന്നണിപ്രദേശമായ കേരളത്തിലോ? 7.33 ലക്ഷം ക. യുടെ ഒരു മിച്ചബജറ്റാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. കമ്മിബജറ്റുകളുണ്ടാക്കുന്നത് നിരുത്തരവാദിത്വമാണെന്ന്, പഞ്ചവത്സര പദ്ധതി വിജയിക്കണമെങ്കിൽ സ്റ്റേറ്റുകൾ കൂടുതൽ നികുതിചുമത്തി പണമുണ്ടാക്കണമെന്നും പണ്ഡിറ്റ് നെഹ്റുവും മറ്റു കേന്ദ്രമന്ത്രിമാരും കൂടെ കൂടെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഈ ബജറ്റുകളെല്ലാം ആസൂത്രണം ചെയ്യപ്പെട്ടത്. പക്ഷേ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള കൊച്ചു കേരളത്തിൽ മാത്രമേ സ്വന്തം കാലിന്മേൽ നിൽക്കാൻ കഴിയുമെന്നു തെളിയിക്കാൻ സാധിച്ചിട്ടുള്ളൂ.

# 4 സാമ്പത്തികഭദ്രത വേണമെങ്കിൽ

പക്ഷേ, വരവുചെലവുകളൊപ്പിക്കാനും ഒരു മികച്ചബജ റ്റുണ്ടാക്കാനും കഴിഞ്ഞുവെന്നതുകൊണ്ടു മാത്രം കേരളം സാമ്പത്തികഭദ്രതയുള്ള ഒരു സ്റ്റേറ്റാണെന്ന് പറയാൻ കഴിയുമോ? തീർച്ചയായുമില്ല. ഒരു സ്റ്റേറ്റിന്റെ ഉല്പാദന ശക്തികളുടെ വളർച്ചയേയും ജനങ്ങളുടെ ക്ഷേമത്തേ യും ആശ്രയിച്ചാണിരിക്കുന്നത്. ജനപ്പെരുപ്പംകൊണ്ടും ഭക്ഷണക്കമ്മികൊണ്ടും തൊഴിലില്ലായ്മകൊണ്ടും വിഷ മിക്കുന്ന കേരളത്തെ എത്രത്തോളം വേഗത്തിൽ വ്യവ സായവൽക്കരിക്കാനും അങ്ങിനെ ഒരു മുന്നണിസ്റ്റേ റ്റാക്കി മാറ്റാനും കഴിയുമോ അത്രത്തോളം വേഗത്തിൽ സാമ്പത്തികഭദ്രതയും വർദ്ധിക്കും. ആധുനികരീതിയിലു ള്ള വ്യവസായവൽക്കരണമില്ലെങ്കിൽ സാമ്പത്തികഭദ്ര തയുമില്ല.

പക്ഷേ, ഈ കടമ നിർവഹിക്കണമെങ്കിൽ പണം വേ ണം. കേവലം 30 കോടി ക. യുടെ ഒരു ബജറ്റിന് കേ രളം പോലുള്ള ഒരു സ്റ്റേറ്റിനെ വ്യവസായവൽക്കരി ക്കാൻ കഴിയില്ല. കൂടുതൽ പണമുണ്ടാക്കുന്നതെങ്ങനെ യാണ്? മൂന്നു വഴികളേയുള്ളൂ: 1. കേന്ദ്രത്തിൽ നിന്നു കൂടുതൽ പണംകിട്ടുക. 2. ആഭ്യന്തരമായ വരവിനങ്ങൾ വർദ്ധിപ്പിക്കുക. 3. അനാവശ്യച്ചെലവുകൾ വെട്ടിക്കുറ ക്കുക. ഈ മൂന്നു മാർഗ്ഗങ്ങളിലോരോന്നിനേയും അടുത്ത ലക്കത്തിൽ നമുക്കു പരിശോധിക്കാം.

## 5 കേന്ദ്രത്തിൽനിന്ന് കൂടുതൽ പണം കിട്ടണം

സ്വാതന്ത്ര്യത്തിന്നും സ്വയം ഭരണത്തിന്നും വേണ്ടിയുള്ള ഇന്ത്യയുടെ ദാഹം അടങ്ങാത്തതാണെന്നു കണ്ടപ്പോൾ ബ്രിട്ടീഷുകാർ ഒരു സൂത്രം പ്രയോഗിച്ചു. സംസ്ഥാനങ്ങൾക്കു സ്വയംഭരണം നൽകാനെന്നപേരിൽ അവർ ഒരു പുതിയ ഭരണഘടനയുണ്ടാക്കി. അതനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട നിയമസഭകളും നിയമസഭകളോടുത്തരവാദിത്വമുള്ള മന്ത്രിസഭകളും നിലവിൽവന്നു. പലതരത്തിലുള്ള പരിമിതികളോടും നിയന്ത്രണങ്ങളോടും കൂടിയാണെങ്കിലും ജനങ്ങളെ പ്രതിനിധീകരിക്കുന്ന മന്ത്രിമാർക്ക് സംസ്ഥാനങ്ങളെ ഭരിക്കാനധികാരം കിട്ടി. പക്ഷേ, ഭരണത്തിന്നാവശ്യമായ പണം മാത്രം കിട്ടിയില്ല. വിദ്യാഭ്യാസം പൊതുജനാരോഗ്യം, പ്രാദേശികസ്വയംഭരണം, സാമൂഹ്യവികസനം, നിർമ്മാണപ്രവർത്തനങ്ങൾ എന്നിങ്ങിനെ പൊതുജനങ്ങളുടെ നന്മക്കുവേണ്ടിയുള്ള എല്ലാ പ്രധാനകൃത്യങ്ങളും അവർക്കു നിർവ്വഹിക്കേണ്ടതുണ്ടായിരുന്നു. ഇതെല്ലാം ധാരാളം ചെലവുകൾ വേണ്ടിവരുന്ന കൃത്യങ്ങളാണ്. പക്ഷേ, ഈ ഭാരിച്ച കടമകൾ നിർവ്വഹിക്കാൻ വരവിനങ്ങളുടെ ഏറ്റവും തുച്ഛമായ ഒരു ഭാഗമാണ് സംസ്ഥാന ഗവർമ്മെൻറുകളുടെ പരിധിക്കു വിട്ടുകൊടുക്കപ്പെട്ടത്. വർദ്ധമാനങ്ങളും വികസനക്ഷമങ്ങളുമായ എല്ലാ നികുതിയിനങ്ങളും കേന്ദ്രഗവൺമ്മെണ്ടിന്റെ കൈയിൽത്തന്നെ കേന്ദ്രീകരിച്ചു. ജനക്ഷേമകരങ്ങളായ ചെലവുകൾ നടത്താനുള്ള ചുമതല സംസ്ഥാനഗവൺമ്മെൻറുകൾക്ക്, പ്രധാനപ്പെട്ട വരവിനങ്ങളെല്ലാം വസൂലാക്കാനുള്ള അധികാരം കേന്ദ്രത്തിനു ഇതായിരുന്നു സ്ഥിതി. സംസ്ഥാനഭരണങ്ങളെ സാമ്പത്തികമായി വരിഞ്ഞുകെട്ടി നിസ്സഹായങ്ങളാക്കുകയും അതേ സമയത്തുതന്നെ വിദ്യാഭ്യാസം, ആരോഗ്യം, നിർമ്മാണ പ്രവർത്തനങ്ങൾ മുതലായവയുടെ കാര്യത്തിൽ സാമ്രാജ്യമേധാവികൾ കാണിച്ചുപോന്ന അക്ഷന്തവ്യമായ അവഗണനകളുടേയും അപരാധങ്ങളുടേയും ഉത്തരവാദിത്വം, തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനമന്ത്രിമാരുടെ തലയിൽ വെച്ചുകെട്ടുകയും അങ്ങിനെ ഇന്ത്യക്കാർക്ക് സ്വയംഭരണം നടത്താൻ കെല്പില്ലെന്നു തെളിയിക്കുകയും ചെയ്യുക—ഇതായിരുന്നു പോര്.

## 6 പഴയനയം തുടരുന്നു

ഇത്തരം തട്ടിപ്പുകളേയും തടസങ്ങളേയും, നേരിട്ടുകൊണ്ട്, സാമ്രാജ്യവാദികളുടെ മർദ്ദനങ്ങളേയും ബീഭത്സതകളേയും വകവെയ്ക്കാതെ, ഇന്ത്യയുടെ സ്വാതന്ത്ര്യസമരം മുന്നേറുകതന്നെ ചെയ്തു. ഒടുവിൽ 1947 ആഗസ്റ്റിൽ ഇന്ത്യ സ്വതന്ത്രയായി. 1951-ൽ സ്വതന്ത്രേന്ത്യയുടെ റിപ്പബ്ളിക്കൻ ഭരണഘടന നടപ്പിൽവന്നു.

പക്ഷേ, സ്വതന്ത്രേന്ത്യയുടെ ഈ പുതിയ ഭരണഘടനയും, സംസ്ഥാനങ്ങളെ സംബന്ധിച്ചേടത്തോളം കൈക്കൊണ്ട നയം പഴയതുതന്നെയാണ്. "ഓരോ ഘടകത്തിനും (അതായത് കേന്ദ്രത്തിനും സ്റ്റേറ്റിനും) അതാതിന്റെ പ്രവർത്തനങ്ങളേയും ഉത്തരവാദിത്വങ്ങളേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സാമ്പത്തിക വരവിനങ്ങൾ നീക്കിവെയ്ക്കേണ്ടതാവശ്യമാണ്" എന്ന് സുപ്രസിദ്ധ ധനശാസ്ത്രജ്ഞനായ കെ.ടി. ഷാ തന്റെ 'ഫെഡറൽ ഫൈനാൻസ് ഇൻ ഇൻഡ്യ' എന്ന ഗ്രന്ഥത്തിൽ ആവശ്യപ്പെടുകയുണ്ടായി. പക്ഷേ, ഈ തത്വമല്ല അംഗീകരിയ്ക്കപ്പെട്ടത്. വമ്പിച്ച പല ഉത്തരവാദിത്വങ്ങളും സ്റ്റേറ്റ് ഗവർമ്മെൻറുകളുടെ ചുമലിലർപ്പിയ്ക്കപ്പെട്ടു. പക്ഷേ, ആ ഉത്തരവാദിത്വങ്ങൾ നിർവ്വഹിയ്ക്കാനാവശ്യമായ പണത്തിനുമാത്രം ഏർപ്പാടുണ്ടായില്ല. വികസനക്ഷമങ്ങളല്ലാത്ത നിലനികുതിപോലുള്ള വരവിനങ്ങൾ മാത്രം സ്റ്റേറ്റുകൾക്കു വിട്ടുകൊടുക്കുകയും വർദ്ധമാനങ്ങളായ ആദായനികുതി, എക്സൈസ് നികുതി മുതലായവ കേന്ദ്രത്തിന്റെ കൈയിൽത്തന്നെ കേന്ദ്രീകരിയ്ക്കുകയാണു ചെയ്തത്.

സ്റ്റേറ്റുകളും കേന്ദ്രവും തമ്മിലുള്ള സാമ്പത്തികബന്ധങ്ങളെസ്സംബന്ധിച്ചേടത്തോളം 1935 ലെ ഭരണഘടനയെയാണ് പുതിയ ഭരണഘടനയും മാതൃകയാക്കീട്ടുള്ളത്. മൂന്നു തരത്തിലുള്ള സാമ്പത്തിക ബന്ധങ്ങളുണ്ട്: ചില നികുതികൾ യൂനിയൻ ഗവൺമ്മെൻറാണ് വസൂലാക്കുകയെങ്കിലും അവ മുഴുവനും സ്റ്റേറ്റുകൾക്കു വിട്ടുകൊടുക്കും. ഉദാഹരണത്തിനു, മരണനികുതി, എസ്റ്റേറ്റ് ഡ്യൂട്ടി മുതലായവ. എന്നാൽ, ഭരണഘടനയിലെ 271-ാം വകുപ്പു പ്രകാരം ഈ ജനങ്ങളിൽത്തന്നെ സർച്ചാർജ്ജുകൾ ചുമത്താൻ യൂനിയന്നധികാരമുണ്ട്. മറ്റു ചില നികുതികൾ കേന്ദ്രം പിരിയ്ക്കുകയും കേന്ദ്രവും സ്റ്റേറ്റുകളും തമ്മിൽ വീതിയ്ക്കുകയും ചെയ്യുന്നു. കാർഷികാദായ നികുതിയൊഴിച്ചുള്ള ആദായനികുതി, (കോർപ്പറേഷൻ നികുതി പെടില്ല) എക്സൈസ്സികുതികൾ, എന്നിവയാണവ. ഇതിന്നുപുറമെ സ്റ്റേറ്റുകൾക്കു ചില പ്രത്യേകാവശ്യങ്ങൾക്ക് യൂനിയൻ സഹായധനം നൽകണമെന്നും വ്യവസ്ഥയുണ്ട്. വ്യത്യസ്തസ്റ്റേറ്റുകളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് വ്യത്യസ്തതോതിലാണ് ഈ ഗ്രാൻറുകൾ നൽകുക. യൂനിയൻ ഗവൺമ്മെൻറിന്റെ അംഗീകാരത്തോടുകൂടി പട്ടികവർഗ്ഗക്കാരുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുക മുതലായ പരിപാടികൾക്കു വേണ്ടിയും അതുപോലുള്ള മറ്റു ചില ആവശ്യങ്ങൾക്കുവേണ്ടിയും മാത്രമാണിതു നൽകപ്പെടുന്നത്.

## 7 വരവിനങ്ങൾ

വരവിനങ്ങളെ യൂനിയൻലിസ്റ്റെന്നും സ്റ്റേറ്റ്ലിസ്റ്റെന്നും രണ്ടായി വിഭജിച്ചിട്ടുണ്ട്. ഈ വിഭജനമനുസരിച്ച് റെയിൽവേ, തുറമുഖം, വിമാനം, കപ്പൽ, തപാലും കമ്പിയും, നാണയനിർമ്മാണം വിദേശവിനിമയം, വിദേശരാജ്യങ്ങളുമായുള്ള വ്യാപാരവും വാണിജ്യവും, ചുങ്കാതിർത്തികൾ വഴിയുള്ള കയറ്റുമതിയും ഇറക്കുമതിയും, ബേങ്കിങ്ങ്, ഇൻഷ്വറൻസ്, സ്റ്റോക്ക് എക്സ്ചേഞ്ച്, പെട്രോൾ, എണ്ണഖനികൾ, കാർഷികാദായ നികുതിയൊഴിച്ചുള്ള മാറ്റദായങ്ങളിന്മേലുള്ള നികുതികൾ, പുകയിലയുടേയും മദ്യം, ഔഷധം, മറ്റു ലഹരിപദാർത്ഥങ്ങൾ എന്നിവയൊഴിച്ച് ഇന്ത്യയിലുണ്ടാക്കുന്ന മറ്റു സാധനങ്ങളുടേയും മേലുള്ള എക്സൈസ്സ്നികുതികൾ, കോർപ്പറേഷൻനികുതി, കൃഷിഭൂമിയൊഴിച്ചുള്ള മൂലധനനികുതി മുതലായ പ്രധാനപ്പെട്ട വരവിനങ്ങളെല്ലാം കേന്ദ്രഗവൺമെൻറിന്റെ പരിധിയിലാണ്. ഭൂനികുതി, കാർഷികദായ നികുതി, ഭൂമിയിലും കെട്ടിടങ്ങളിലുള്ള നികുതി, ഉപയോഗത്തിന്നോ വിക്രയത്തിന്നോ ഉള്ള സാധനങ്ങൾ സംസ്ഥാനങ്ങളിൽ പ്രവേശിപ്പിക്കുന്നതിന്നുള്ള നികുതി, ലഹരിമദ്യങ്ങളുടേ മേലുള്ള എക്സൈസ് നികുതി, റോഡിലൂടെയോ ജലമാർഗ്ഗത്തിലൂടെയോ പോകുന്ന വാഹനങ്ങളുടെ മേലുള്ള നികുതി, വില്പനനികുതി, മൃഗങ്ങളുടെ മേലുള്ള നികുതി മുതലായവ മാത്രമാണ് സ്റ്റേറ്റുകൾക്കു വിട്ടു കൊടുക്കപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ ബജറ്റിലേയ്ക്കൊന്നു കണ്ണോടിച്ചാൽ ഇതെത്രത്തോളം അതൃപ്തികരമാണെന്നു ബോദ്ധ്യമാവും. 1957-58 ലെ ബജറ്റനുസരിച്ച് കേരളത്തിന്റെ പ്രധാന വരവിനങ്ങൾ താഴെപറയുന്നവയാണ്:

| | |
|---|---|
| നികുതികൾ | 74,19,000 ക. |
| ആദായനികുതി | 4,07,39,000 ക. |
| എസ്റ്റേറ്റ്ഡ്യൂട്ടി | 9,65,000 ക. |
| ഭൂനികുതി | 1,20,18,000 ക. |
| നികുതികൾ | 2,15,88,000 ക. |
| സ്റ്റാമ്പ് | 1,16,23,000 ക. |
| വനം | 2,78,02,000 ക. |
| റജിസ്ട്രേഷൻ | 83,76,000 ക. |
| വാഹനനികുതി | 1,30,55,000 ക. |
| മറ്റു നികുതികളും ചുങ്കങ്ങളും | 4,50,47,000 ക. |
| ജലസേചനം, ജലഗതാഗതം തുടങ്ങിയവ | 1,16,300 ക. |
| ജലസേചനം, ജലഗതാഗതം തുടങ്ങിയവ | 9,36,300 ക. |
| പലിശ | 1,44,55,00 ക. |
| കോടതികൾ | 8,08,000 ക. |
| ജയിലുകൾ | 6,18,000 ക. |
| പോലീസ്സ് | 5,80,000 ക. |
| വിദ്യാഭ്യാസം | 1,42,97,700 ക. |
| മെഡിക്കൽ | 38,54,000 ക. |
| പൊതുജനാരോഗ്യം | 34,90,000 ക. |
| കൃഷി | 43,74,100 ക. |
| ഗ്രാമവികസനം | 9,02,000 ക. |
| മൃഗചികിത്സ | 6,15,000 ക. |
| സഹകരണം | 6,57,000 ക. |
| വ്യവസായം, ഭക്ഷ്യം | 71,22,400 ക. |
| പലവക | 66,07,000 ക. |
| മരാമത്ത് | 46,52,000 ക. |
| വൈദ്യുതപദ്ധതികൾ | 93,63,000 ക. |
| പെൻഷനുവേണ്ടി സംഭാവന | 9,27,000 ക. |
| അച്ചടി | 13,80,000 ക. |
| പലവക | 61,00,000 ക. |
| പദ്ധതികൾ | 36,64,500 ക. |
| കേന്ദ്രസഹായം | 84,21,000 ക. |
| കേന്ദ്രവും കേരളവുമായി പലവക കണക്കുകൾ വെയ്ക്കൽ | 20,900 ക. |
| അസാധാരണ (ഭക്ഷ്യധാന്യ വ്യാപാരം മുതലായവ) | |
| വികസനപദ്ധതികൾ | 71,93,800 ക. |
| കേന്ദ്രനികുതികൾ മുഖേനയുള്ള വരുമാനം | 35,00,800 ക. |
| ആകെ വരുമാനം | 27,90,31,900 ക. |
| ആകെ ചെലവ് | 30,15,55,500 ക. |

യാണ് വരവും ചെലവും ഒപ്പിയ്ക്കാൻവേണ്ടി 2325 ലക്ഷം ക. യുടെ പുതിയ നികുതികൾ ചുമത്തിയിരിയ്ക്കയാണ്.

# 8 നീതിപൂർവ്വകമല്ല

വരവിനങ്ങൾ മിക്കവയും വികസനക്ഷമങ്ങളോ വർദ്ധമാനങ്ങളോ അല്ല. അവയിലധികവും സാധാരണക്കാരെ നേരിട്ടു ബാധിക്കുന്നവയാണ്. സാധാരണക്കാരെ നേരിട്ടു ബാധിക്കാത്തവയും വർദ്ധിപ്പിക്കാൻ കഴിയുന്നവയുമായ മിക്ക വരവിനങ്ങളും കേന്ദ്രത്തിന്റെ പരിധിയിലാണ്. അതുകൊണ്ട് ജനങ്ങളെ ഞെക്കിപ്പിഴിയാതെ പുതിയ നികുതികൾ വഴിയായി കേരളത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാഹചര്യങ്ങൾ വളരെയധികം പരിമിതമാണ്.

സ്റ്റേറ്റുകളെ ഇങ്ങനെ നിസ്സഹായാവസ്ഥയിൽ തള്ളിവിടുക എന്ന നയം തീർച്ചയായും നീതിപൂർവ്വകമല്ല എന്നു വ്യക്തമാണ്. അതുകൊണ്ടാണ് ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ, കേന്ദ്രം വസൂലാക്കുന്ന ആദായനികുതിയുടെ ഒരു നിശ്ചിതശതമാനം സ്റ്റേറ്റുകൾക്കു വീതിച്ചുകൊടുക്കണമെന്നു തീരുമാനിക്കപ്പെട്ടത്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇതു കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമായിത്തീർന്നു. സ്റ്റേറ്റുകളുടേയും കേന്ദ്രത്തിൻറേയും പൊതു ധനസ്ഥിതി പരിശോധിച്ചുകൊണ്ട് ഏതെല്ലാം നികുതികളുടെ എത്ര ശതമാനം പരസ്പരം വീതിക്കണമെന്നും സ്റ്റേറ്റുകൾക്കു കേന്ദ്രം ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ നൽകണമെന്നും മറ്റും തീരുമാനിക്കാൻ വേണ്ടി അയ്യഞ്ചുകൊല്ലം കൂടുമ്പോളൊരിക്കൽ ഒരു ധനകാര്യക്കമ്മീഷനെ നിയമിക്കണമെന്നു ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. 1951 നവംബർ 22-ാം നു നിയമിക്കപ്പെട്ട ഒന്നാമത്തെ ധനകാര്യകമ്മീഷന്റെ അവസാനറിപ്പോർട്ട് 1952 ഡിസംബറിൽ സമർപ്പിക്കപ്പെട്ടു. ശ്രീ. സന്താനത്തിന്റെ നേതൃത്വത്തിലുള്ള രണ്ടാമത്തെ ധനകാര്യകമ്മീഷൻ ഇയ്യിടെയാണ് എല്ലാ സ്റ്റേറ്റുകളിലും ചുറ്റിസ്സഞ്ചരിച്ച അന്വേഷണം നടത്തിപ്പോയത്. കേരളത്തിനു കൂടുതൽ വിഹിതം കിട്ടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നമ്മുടെ ധനകാര്യമന്ത്രിയും മറ്റും ശക്തിയായ നിവേദനം നടത്തിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ വിഷമപ്രശ്നങ്ങൾ ധനകാര്യക്കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നാണ് പത്രറിപ്പോർട്ടുകളിൽനിന്നു മനസ്സിലാക്കേണ്ടത്. നമ്മുടെ ധനസ്ഥിതിയെപ്പറ്റി അന്വേഷണം നടത്തിയതിനുശേഷം ജൂൺ 27-ാം നു തിരുവനന്തപുരത്തുവെച്ചു നടത്തിയ ഒരു പത്രസമ്മേളനത്തിൽ ധനകാര്യക്കമ്മീഷന്റെ ചെയർമാൻ ചെയ്ത പ്രസ്താവനയെപ്പറ്റി 'മാതൃഭൂമി' ഇങ്ങിനെ റിപ്പോർട്ടു ചെയ്യുന്നു:

> "കേരളത്തിലെ പ്രത്യേക വിഷമപ്രശ്നങ്ങൾ, ക്രമാതീതമായ ജനസംഖ്യ, വിപുലമായ തൊഴിലില്ലായ്മ, പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, വാണിജ്യവിഭവങ്ങളുടെ വിലയിടിവ്, കടുത്ത ഭക്ഷണക്ഷാമം തുടങ്ങിയ വിഷമപ്രശ്നങ്ങൾ തങ്ങളുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ഈ സംഗതികളെല്ലാം പരിഗണിച്ചിട്ടായിരിക്കും തങ്ങൾ കേരളത്തെ സംബന്ധിച്ചുള്ള ശുപാർശകൾക്കു രൂപം കൊടുക്കുക എന്നും ധനകാര്യക്കമ്മീഷൻ ചെയർമാൻ ശ്രീ. സന്താനം പ്രസ്താവിക്കുന്നു...... തൊഴിലില്ലായ്മയ്ക്കു വ്യാപകമായ വ്യവസായവൽക്കരണം കുടിൽവ്യവസായംതൊട്ടു ഘനവ്യവസായംവരെ എല്ലാത്തരം വ്യവസായങ്ങളുടേയും വളർച്ചയും കൃഷിവികസനവും-ആണ് പരിഹാര മാർഗ്ഗമെന്നും അതിൽ സ്റ്റേറ്റു ഗവൺമെണ്ടു പ്ലാനിങ്ങ് കമ്മിഷന്റെ സഹകരണത്തോടുകൂടി നടപടികൾ സ്വീകരിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം 'ചൂണ്ടിക്കാട്ടി; (മാതൃഭൂമി ജൂൺ 28)

കേന്ദ്രത്തിന്റെ ഇക്കൊല്ലത്തെ വരവുകൾ ആകെ 571 കോടി ക. യാണ്. അതിൽ 319 കോടി ക.യും ആദായനികുതി, എക്സൈസ് നികുതി മുതലായ വർദ്ധമാനങ്ങളും വികസനക്ഷമങ്ങളുമായ ഇനങ്ങളിൽനിന്നാണ് ഈടാക്കപ്പെടുന്നത്. ഈ തുകയുടെ ഗണ്യമായ ഭാഗം സ്റ്റേറ്റുകൾക്കു കിട്ടാറാകുകയും അങ്ങിനെ സ്റ്റേറ്റുകളുടെ നേതൃത്വത്തിലുള്ള ദേശീയനിർമ്മാണപ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്താൻ സഹായിയ്ക്കുകയും ചെയ്താൽ മാത്രമേ ശ്രീ. സന്താനത്തിന്റെ ശ്രദ്ധേയമായ പ്രസ്താവന പ്രായോഗികമാവുകയുള്ളു.

## 9 കേരളത്തിന്റെ വിഹിതം

ഇപ്പോൾ ആദായനികുതിയുടെ 55 ശതമാനം മാത്രമാണ് കേന്ദ്രത്തിൽനിന്ന് സ്റ്റേറ്റുകൾക്കു വിതരണം ചെയ്യുന്നത്. (കോർപ്പറേഷൻ നികുതിയിൽനിന്നുള്ള വരവ് ഒട്ടുംതന്നെ വീതിയ്ക്കുന്നില്ല.) വീതിയ്ക്കാൻവേണ്ടി നീക്കിവെയ്ക്കുന്നതിന്റെ 3.6 ശതമാനം മാത്രമാണ് കേരളത്തിനു ലഭിയ്ക്കുന്നത്. ഇതു തീർച്ചയായും അപര്യാപ്തമാണെന്നു പറയേണ്ടതുണ്ടോ? ആദായനികുതിയുടെ 80 ശതമാനമെങ്കിലും സ്റ്റേറ്റുകൾക്കുവേണ്ടി നീക്കിവെയ്ക്കുകയും കോർപ്പറേഷൻ നികുതിയുടെ ഗണ്യമായ ഭാഗംകൂടി വീതിയ്ക്കാൻ തുടങ്ങുകയും ചെയ്യേണ്ടതാവശ്യമാണ്.

ആകെ 22 ഇനങ്ങളിലാണ് ഇപ്പോൾ എക്സൈസ് നികുതി ചുമത്തിക്കൊണ്ടിരിയ്ക്കുന്നത്. എന്നാൽ പുകയില, തീപ്പെട്ടി, സസ്യവിഭവങ്ങൾ എന്നിങ്ങിനെ മൂന്ന് ഇനങ്ങളിൽനിന്നു കിട്ടുന്നതിന്റെ 40 ശതമാനം മാത്രമേ സ്റ്റേറ്റുകൾക്കു വീതിയ്ക്കുന്നുള്ളു. ഒട്ടാകെ നീക്കിവെയ്ക്കുന്നതിന്റെ 3.86 ശതമാനം മാത്രമാണ് കേരളത്തിനു കിട്ടുന്നത്. ബാക്കിയുള്ള 19 ഇനങ്ങളിൽ നിന്നു ലഭിയ്ക്കുന്ന എക്സൈസ് ഡ്യൂട്ടി മുഴുവനും കേന്ദ്രം എടുക്കുകയാണ്. 1957-58 ലെ ബഡ്ജറ്റനുസരിച്ച് എക്സൈസ് ഇനങ്ങളിൽനിന്നുള്ള കേന്ദ്രത്തിന്റെ വരവ് 209 കോടി ക. യാണ്. എല്ലാ ഇനങ്ങളിൽനിന്നും വസൂലാക്കപ്പെടുന്ന എക്സൈസ് നികുതികളുടെ 70 ശതമാനമെങ്കിലും സ്റ്റേറ്റുകൾക്കു വീതിച്ചുകൊടുക്കേണ്ടത് ന്യായം മാത്രമാണ്.

കേന്ദ്ര നികുതികൾ മുഖേനയുള്ള കേരളത്തിന്റെ വരുമാനം ഇപ്പോൾ വെറും 35 ലക്ഷം ക. മാത്രമാണ്. മുകളിൽ നിർദ്ദേശിച്ച തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയാൽ ഈ തുക ഗണ്യമായി വർദ്ധിക്കണമെന്നു പ്രസ്താവിക്കേണ്ടതില്ലല്ലോ.

കുരുമുളക്, ചായ, കയറുല്പന്നങ്ങൾ, അണ്ടിപ്പരിപ്പ് മുതലായ കേരളത്തിന്റെ ഉല്പന്നങ്ങൾ മറുനാടുകളിലേക്ക് കയറ്റി അയക്കുന്നതു വകയിൽ കേന്ദ്രത്തിന് കൊല്ലംതോറും നല്ലൊരു തുക ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. 1950-51-ൽ ഈ വകയിൽ ഏതാണ്ട് 50 കോടി ക. യോളം കിട്ടി. ഇപ്പോളത് 60 കോടിയോളമായി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ അധ്വാനിക്കുന്നതിന്റെ ഫലമായി കേന്ദ്രത്തിനു ഇത്രയും സംഖ്യയ്ക്കുള്ള വിദേശനാണ്യങ്ങൾ ഉപയോഗിക്കാൻ കിട്ടുന്നു എന്നാണിതിന്റെ അർത്ഥം. കുരുമുളകിന്റെ കടൽചുങ്കം വകയിൽ മാത്രം 5 കോടി ക. യോളം കിട്ടുന്നു. ചായ മുതലായ മറ്റു ഉല്പന്നങ്ങളിൽ നിന്നും ഇതുപോലെ കടൽചുങ്കം വസൂലാക്കപ്പെടുന്നുണ്ട്. പക്ഷേ, അതു മുഴുവനും കിട്ടുന്നത് കേന്ദ്രത്തിനുമാത്രമാണ്. കേരളത്തിന് ഒന്നുമില്ല. ഈ നയത്തിലും മാറ്റമാവശ്യമാണ്.

1947 ആഗസ്റ്റ് 15-ാംനം-യ്ക്കും 1956 മാർച്ച് 31-ാം നമിടയിൽ തിരുകൊച്ചി ഗവർമ്മെണ്ട് കേന്ദ്രത്തിൽനിന്ന് 12.66 കോടി ക. കടം വാങ്ങിയിട്ടുണ്ട്. കടത്തിന്റെ തുക ഇപ്പോൾ വർദ്ധിച്ചിരിക്കുന്നു. ഇതിൽ ഭൂരിഭാഗത്തിനും 3 ശതമാനം മുതൽ നാലര ശതമാനം പലിശയടക്കണം. പലിശവകയിൽത്തന്നെ വലിയൊരു സംഖ്യവരുമെന്നർത്ഥം. ഈ കടങ്ങളുടെ പ്രധാനമായ ഭാഗം വ്യവസായവൽക്കരണത്തിനല്ല, മറ്റു സാമൂഹ്യാവശ്യങ്ങൾക്കു വേണ്ടിയാണുപയോഗിക്കപ്പെട്ടിട്ടുള്ളത്. പിന്നീട് ആദായമുണ്ടാക്കാൻ സഹായിക്കുന്ന മൂലധനച്ചെലവുകളല്ല. അതുകൊണ്ട് ഈ കടങ്ങൾ കേന്ദ്രത്തിൽനിന്നുള്ള ഗ്രാന്റുകളെന്ന നിലയ്ക്ക് കണക്കാക്കി വിട്ടുതരണമെന്നുള്ളത് ന്യായം മാത്രമാണ്. ഈയാവശ്യവും ധനകാര്യക്കമ്മീഷന്റെ ശ്രദ്ധയിൽ പെട്ടു കഴിഞ്ഞിട്ടുണ്ടാവണം.

കേരളം വ്യാവസായികമായി പിന്നണിയിലുള്ള ഒരു പ്രശ്നസംസ്ഥാനമാണെന്ന കാര്യം അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പിന്നോക്കനിലയവസാനിപ്പിച്ച് ഒരു മുന്നണി സ്റ്റേറ്റായി മാറാൻ കേരളത്തിന് കേന്ദ്രത്തിന്റെ പ്രത്യേക പരിഗണനകൾ ഒഴിച്ചുകൂട്ടാൻ വയ്യാത്തവയാണ്. എല്ലാറ്റിനുമുപരിയായി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കേരളത്തിന് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. ഈ ആവശ്യങ്ങൾ അനുവദിച്ചുകിട്ടിയാലേ കേരളത്തെ സാമ്പത്തിക ഭദ്രതയുള്ള ഒരു മുന്നണി സ്റ്റേറ്റാക്കി മാറ്റാൻ കഴിയൂ.

നവയുഗം 29. 6 1957

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014